**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 416** **20-07-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലാളികളുടെ അവകാശ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ വി ജോയി,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ രാജ്യത്ത് നിലനിന്നിരുന്ന തൊഴിൽ നിയമങ്ങൾ അവയുടെ അന്തസത്തയിൽ മാറ്റം വരുത്തിക്കൊണ്ട് നാല് കോഡുകളാക്കുകയും അവ പ്രാവർത്തികമാക്കുന്നതിന് ചട്ടങ്ങൾ രൂപീകരിച്ച് വിജ്ഞാപനം ഇറക്കുകയും ചെയ്തതായി അറിവുണ്ടോ; | (എ) | എ) കേന്ദ്ര സർക്കാർ രാജ്യത്ത് നിലനിന്നിരുന്ന തൊഴിൽ നിയമങ്ങളെ അവയുടെ അന്തസത്തയിൽ മാറ്റം വരുത്തിക്കൊണ്ട് നാല് കോഡുകളാക്കുകയും അവ പ്രാവർത്തികമാക്കുന്നതിന് കരട് ചട്ടങ്ങൾ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലേബർ കോഡുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ചട്ടം രൂപീകരിച്ചിട്ടുണ്ടോ; | (ബി) | ബി) സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ ലേബർ കോഡുകളുടെയും കരട് ചട്ടങ്ങൾ രൂപീകരിച്ച് ആയതിന്മേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും തേടുന്നതിനായി സംസ്ഥാന സർക്കാർ 2021 അവസാനത്തോടെ ടി കരട് ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (സി) | രാജ്യത്തെമ്പാടും തൊഴിലും വേതനവും സംരക്ഷിക്കാനുള്ള തൊഴിലാളികളുടെ അവകാശം വികസനത്തിന് തടസ്സമാണെന്ന തെറ്റായ പ്രചാരണം ശക്തമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന് നിയമ പരിരക്ഷ ഉറപ്പിക്കാൻ ഏത് വിധത്തിൽ ഇടപെടാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ? | (സി) | സി) കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത 4 ലേബർ കോഡുകൾക്കും വിവിധ ഘട്ടങ്ങളിലെ ചർച്ചകളിൽ കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ ക്ഷണിക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെടുകയും കേരള സർക്കാർ ടി ചർച്ചകളിൽ പങ്കെടുക്കുകയും സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കേന്ദ്ര സർക്കാരിനെ യഥാസമയം അറിയിക്കുകയും ചെയ്തിട്ടുണ്ട്.<br><br>രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശുപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് 4 ലേബർ കോഡുകളായി കേന്ദ്ര സർക്കാർ കരട് ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ |

ലേബർ കോഡുകളുടെയും കരട് ചട്ടങ്ങൾ രൂപീകരിച്ച് ആയതിന്മേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും തേടുന്നതിനായി സംസ്ഥാന സർക്കാർ 2021 അവസാനത്തോടെ കരട് ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

The Code on Wages, 2019, വകുപ്പ് 67-ൽ അപ്രോപ്രിയേറ്റ് ഗവൺമെന്റിന് ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള അധികാരത്തെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ടി വകുപ്പുകൾ പ്രകാരം ഏതൊക്കെ നിയമങ്ങളിലാണ് കേന്ദ്ര സർക്കാരിന് ചട്ടങ്ങൾ നിർമ്മിക്കാൻ അധികാരം ഉള്ളതെന്നും ഏതൊക്കെ നിയമങ്ങളിലാണ് സംസ്ഥാന സർക്കാരിന് ചട്ടങ്ങൾ നിർമ്മിക്കാൻ അധികാരം ഉള്ളതെന്നും കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. അതേപോലെ Industrial Relation Code-ന്റെ വകുപ്പ് 99, Occupational Safety, Heath and Working Conditions Code, -ന്റെ വകുപ്പ് 133, Social Security Code-ന്റെ വകുപ്പ് 156, എന്നിവയിലൂടെ ടി കോഡുകളിൽപ്പെട്ട ഏതൊക്കെ നിയമങ്ങളിലാണ് സംസ്ഥാന സർക്കാരിനും കേന്ദ്ര സർക്കാരിനും ചട്ടങ്ങൾ നിർമ്മിക്കാൻ അധികാരം ഉള്ളതെന്നും പ്രതിപാദിച്ചിട്ടുണ്ട്.

കോഡുകളിൽ സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കുവാൻ അധികാരമുള്ള വിഷയങ്ങൾ, കേന്ദ്ര സർക്കാരിന് ചട്ടങ്ങൾ രൂപീകരിക്കുവാൻ അധികാരമുള്ള വിഷയങ്ങൾ എന്നിവ വേർതിരിച്ച് ക്രമപ്പെടുത്തിയിട്ടുള്ളതിനാൽ നിലനിന്നിരുന്ന തൊഴിൽ നിയമങ്ങൾ സംരക്ഷിക്കുവാൻ സംസ്ഥാന സർക്കാരിന് പരിമിതികൾ ഉണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 254 അനുസരിച്ച് കേന്ദ്രസർക്കാർ പാസ്സാക്കുന്ന ഒരു നിയമത്തിന്റെ ബദലായി സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണം നടത്തുവാൻ സാധിക്കുകയില്ല. കൂടാതെ തന്നെ ഇന്ത്യൻ ഭരണഘടനയുടെ $7^{th}$ Schedule പ്രകാരം ലേബർ എന്നത് കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന വിഷയവുമാണ്. ആയതിൽ ഏതൊക്കെ വിഷയങ്ങളിലാണ് കേന്ദ്ര സർക്കാരിന് നിയമ നിർമ്മാണം ചെയ്യാൻ കഴിയുന്നവ എന്ന് പ്രതിപാദിച്ചിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| | | | | പരിമിതികൾ ഉണ്ടെങ്കിലും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിലാളി സൗഹൃദമായി ചട്ടങ്ങൾ രൂപീകരിക്കുവാനും സംസ്ഥാന സർക്കാർ പരമാവധി ശ്രമിച്ചിട്ടുണ്ട്. വേജ് കോഡ് ചട്ടപ്രകാരം ഒരു തൊഴിലാളിയുടെ ജോലി സമയം ഒരു ദിവസം 8 മണിക്കൂർ ആണ്. നിലവിലുള്ള മിനിമം വേതന ചട്ടം പ്രകാരം ജോലി സമയം 8 മണിക്കൂർ ആണെങ്കിലും ആഴ്ചയിൽ 48 മണിക്കൂർ അധികരിക്കുന്ന ജോലി സമയത്തിന് തൊഴിലാളികൾക്ക് ഓവർടൈം അവലൻസ് ലഭ്യമായിരുന്നതിനാൽ തൊഴിലാളിയെ സംബന്ധിച്ചിടത്തോളം പ്രതിദിനം ജോലി സമയം 8 മണിക്കൂർ ആയിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ കോഡ് ഓൺ വേജസ് പ്രകാരം ഒരു തൊഴിലാളിയുടെ ജോലി സമയം ഒരു ദിവസം 9 മണിക്കൂർ ആയും സ്പ്രെഡ് ഓവർ 12 മണിക്കൂർ ആയും പ്രത്യേക സാഹചര്യത്തിൽ സ്പ്രെഡ് ഓവർ 16 മണിക്കൂർ ആയുള്ള കോഡിലെ വ്യവസ്ഥ തൊഴിലാളിയെ സംബന്ധിച്ചിടത്തോളം പ്രതികൂലമായി ബാധിക്കുന്നതാണ്. എന്നാൽ ഇത് 8 മണിക്കൂർ ജോലി സമയം ആയും 1 മണിക്കൂർ വിശ്രമം ഉൾപ്പെടെ സ്പ്രെഡ് ഓവർ 10 1/2 മണിക്കൂർ ആയും വ്യവസ്ഥ ചെയ്യണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ